(ബി) പാചകത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്ന തരത്തിൽ ഉച്ചഭക്ഷണ പദ്ധതി ഏജൻസിയെ ഏൽപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത നീക്കത്തിൽ നിന്നും പിൻവാങ്ങുമോ?

ഉത്തരം

(എ) സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം 350 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 8-10-2015-ലെ 3294/ഇ1/2015/തൊഴിൽ പ്രകാരം പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്മേൽ പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിലേയ്ക്കായി 20-12-2015 വരെ സമയവും അനുവദിച്ചിട്ടുണ്ട്. അപ്രകാരം നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് ഇത് സംബന്ധിച്ചുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(ബി) പരിഗണനയിലില്ല.

ഹോം നഴ്സിംഗ് ഏജൻസികൾ

270 (959) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോം നഴ്സിംഗ് രംഗത്തെ ഏജൻസികളുടെ പ്രവർത്തനം ഏതെങ്കിലും രീതിയിൽ നിയന്ത്രിക്കുന്നുണ്ടോ; നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് മൊത്തം എത്ര ഹോം നഴ്സിംഗ് ഏജൻസികൾ ഉണ്ടെന്നും പ്രസ്തുത ഏജൻസികൾവഴി ഈ രംഗത്ത് പ്രവർത്തിക്കുന്നവർ എത്രയാണെന്നും വിശദമാക്കാമോ;

(സി) ഹോം നഴ്സിംഗ് രംഗത്ത് നടക്കുന്ന തട്ടിപ്പുകളും ചൂഷണങ്ങളും അവസാനിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഹോം നഴ്സിംഗ് ഏജൻസികൾക്ക് നിലവിൽ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്ട്രേഷൻ നൽകുന്നുണ്ട്. ടി സ്ഥാപനങ്ങൾ തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നൽകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, മിനിമം വേജസ് ആക്ട്, പെയ്മെന്റ് ഓഫ് വേജസ് ആക്ട് എന്നീ നിയമങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം പരിശോധന നടത്തുകയും നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നുണ്ടെന്ന് പരിശോധിക്കാറുമുണ്ട്. ഇത്തരം ഏജൻസികളുടെ മറ്റ് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് വ്യവസ്ഥകളൊന്നും നിലവിലില്ല.

(ബി) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 174 ഏജൻസികളിലായി 2022 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

(സി) ഹോം നഴ്സിംഗ് രംഗത്തെ തൊഴിലാളികളെ സംബന്ധിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുക, ആനുകൂല്യങ്ങൾ നിഷേധിക്കുക എന്നിവയുമായി ബന്ധപ്പെട്ട് പരാതികളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

അമിത വേതനം ഈടാക്കുന്നത് പരിഹരിക്കുന്നതിനായുള്ള പദ്ധതി

271 (960) ശ്രീ. പാലോട് രവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ മേഖലയിൽ അമിതമായി വേതനം ഈടാക്കുന്നത് പരിഹരിക്കുന്നതിനായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) തൊഴിൽ മേഖലയിൽ ചുമട്ടുതൊഴിലുമായി ബന്ധപ്പെട്ട് അമിത വേതനം ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത് തടയുന്നതിനായി ചുമട്ടു തൊഴിൽ മേഖലയിൽ ഏകീകൃത ചുമടുകൂലി പ്രാബല്യത്തിൽ വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ പത്ത് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. മലപ്പുറം, പാലക്കാട് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly